# കേരള സർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**കാസർകോട്**

**ജൂൺ 19**

**JUNE 19**

**2019**

***1194 മിഥുനം 04 ,* ബുധൻ**

# പത്രക്കുറിപ്പ്-1

www.prd.kerala.gov.in dioksgd@gmail.com ഫോൺ 04994 255145

**മാധ്യമ സുഹൃത്തുക്കളുടെ ശ്രദ്ധയ്ക്ക്...**

ആദ്യ റിലീസിൽ അയച്ച വായനാ പക്ഷാചരണത്തിന്റെ വാർത്ത ഒഴിവാക്കി ഈ റിലീസിലെ ആദ്യവാർത്ത മാത്രം ഉപയോഗിക്കുക.

## വായനാ പക്ഷാചരണത്തിന് തുടക്കം: വായിക്കുന്നതെല്ലാം സത്യമാണെന്ന് കരുതരുത്: ജില്ലാ കളക്ടർ

വായിക്കുന്നതെല്ലാം സത്യമാണെന്ന് കരുതരുത്, വായിക്കുന്നതിനിടയിൽ എവിടെയോ ആണ് സത്യം, ആ സത്യം കണ്ടെത്താൻ നാം നമ്മുടെ വിവേചന ശേഷിയും പ്രതിഭയും ഉപയോഗിക്കണമെന്ന് ജില്ലാ കളക്ടർ ഡോ.ഡി സജിത് ബാബു അഭിപ്രായപ്പെട്ടു. കാസർകോട് ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിൽ വായനാ പക്ഷാചരണത്തിന്റെ ജില്ലാതല ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. എന്ത് വായിക്കണമെന്ന വ്യക്തമായ ബോധം നമുക്ക് വേണം. വാദവും പ്രതിവാദവും വായിക്കണം. എന്നാലെ എല്ലാറ്റിനെയും കുറിച്ചുള്ള വ്യക്തമായ ധാരണ നമുക്ക് ലഭിക്കൂ. ഇല്ലെങ്കിൽ തീവ്രവാദത്തിലേക്കോ മറ്റ് തെറ്റുകളിലേക്കോ നമ്മൾ അറിയാതെ

ചെന്നെത്തും. അത് ഒഴിവാക്കാനുള്ള ദൃഢനിശ്ചയമാണു വായനാ പക്ഷാചരണത്തിന്റെ ഉദ്ഘാടന വേളയിൽ നാം എടുക്കേണ്ടത്. സാഹിത്യം പോലെ വൈജ്ഞാനിക വിഷയങ്ങളും വായിക്കണം. ശാസ്ത്രബോധം വളർത്തണമെന്നും അദ്ദേഹം പറഞ്ഞു.

കാസർകോട് നഗരസഭ ചെയർപേഴ്സൺ ബിഫാത്തിമ ഇബ്രാഹീം അധ്യക്ഷത വഹിച്ചു. നീലേശ്വരം നഗരസഭ ചെയർമാൻ പ്രൊഫ കെ.പി ജയരാജൻ പി എൻ പണിക്കർ അനുസ്മരണ പ്രഭാഷണം നടത്തി. ജില്ലാ ലൈബ്രറി കൗൺസിൽ പ്രസിഡന്റ് ഡോ.പി പ്രഭാകരൻ, ജില്ലാ ലൈബ്രറി കൗൺസിൽ സെക്രട്ടറി പി വി കെ പനയാൽ,

എസ് എസ് എ ജില്ലാ പ്രൊജക്ട് ഓഫീസർ പി പി വേണുഗോപാൽ, കാസർകോട് ഡയറ്റ് പ്രിൻസിപ്പൽ ഇൻചാർജ് കെ രാമചന്ദ്രൻ നായർ, ജില്ലാ ഇൻഫർമേഷൻ ഓഫീസർ എം. മധുസൂദനൻ ജി എച്ച് എച്ച് എസ് പ്രിൻസിപ്പൽ ഗീത ജി തോപ്പിൽ, ഹെഡ്മാസ്റ്റർ ഇൻ ചാർജ് പി.കെ സുരേഷ്, പി എൻ പണിക്കർ ഫൗണ്ടേഷൻ വൈസ് ചെയർമാൻ കെ.വി രാഘവൻ, കൺവീനർ സി.സുകുമാരൻ, പൊതുവിദ്യാഭ്യാസ കോർഡിനേറ്റർ പി ദിലീപ് കുമാർ,താലൂക്ക് ലൈബ്രറി കൗൺസിൽ സെക്രട്ടറി പി ദാമോദരൻ, ജി എച്ച് എസ് എസ് പിടിഎ പ്രസിഡന്റ് എം എ ജലീൽ എന്നിവർ പങ്കെടുത്തു.

പ്ലസ് ടു വിദ്യാർത്ഥിനി നബീസത്ത് ടി.പി മിസിരിയ പുസ്തകാസ്വാദനം നടത്തി. കവികളായ സി എം വിനയചന്ദ്രൻ, വി ശ്രീനിവാസൻ എന്നിവർ കവിതാവതരണം നടത്തി. ഉദയൻ കുണ്ടംകുഴി നാടൻപാട്ട് അവതരിപ്പിച്ചു

ഫോട്ടോ അടിക്കുറിപ്പ്(കളക്ടർ):-

ജില്ലാ ലൈബ്രറി കൗൺസിലിന്റെയും പി എൻ പണിക്കർ ഫൗണ്ടേഷന്റേയും ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിന്റേയും നേതൃത്വത്തിൽ സംഘടിപ്പിച്ച വായനാ പക്ഷാചരണത്തിന്റെ ജില്ലാതല ഉദ്ഘാടനം കാസർകോട് ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിൽ നിർവഹിച്ച് ജില്ലാ കളക്ടർ ഡോ.ഡി സജിത് ബാബു സംസാരിക്കുന്നു.

## വന്യമൃഗശല്യം തടയുന്നതിന് ഇരുസംസ്ഥാനങ്ങളും കൂട്ടായി പ്രവർത്തിക്കും

കേരള-കർണാടക അതിർത്തിയിൽ കാസർകോട് ജില്ലയുമായി ബന്ധപ്പെട്ട സ്ഥലങ്ങളിലെ അതിർത്തി തർക്കം പരിഹരിക്കുന്നതിനും വന്യമൃഗ ശല്യം തടയുന്ന തിനും ഇരുസംസ്ഥാനങ്ങളിലേയും ഉദ്യോഗസ്ഥരും ജനപ്രതിനിധികളും വിവിധ തല ങ്ങളിൽ ചർച്ച നടത്തുന്നതിനു കാസർകോട് ജില്ലാ കളക്ടർ ഡോ.ഡി.സജിത്ബാബു

വും ദക്ഷിണ കന്നഡ ഡെപ്യൂട്ടി കമ്മീഷണർ ശശികാന്ത് സെന്തിലുമായി നടത്തിയ കൂടിക്കാഴ്ചയിൽ തീരുമാനമായി.

ദേലംപാടി പഞ്ചായത്ത് ഓഫീസിലും കർണാടകത്തിലെ മണ്ഡക്കോൽ വില്ലേജ് ഓഫീസിലും റവന്യു-ഫോറസ്റ്റ്-സർവേ തുടങ്ങിയ വകുപ്പ് ഉദ്യോഗസ്ഥർ ചർച്ച നടത്തും. തുടർന്ന് ഇരു സംസ്ഥാനങ്ങളിലേയും ജനപ്രതിനിധികളും ജില്ലാതല ഉദ്യോഗസ്ഥരും ചർച്ച നടത്തും. ദേലംപാടിയിലും മറ്റും കട്ടാന ഉൾപ്പെടെയുള്ള വന്യമൃഗങ്ങളുടെ ശല്യം തടയുന്നതിന് പൊതുജനങ്ങളെ ബോധവത്ക്കരിക്കും. വർഷങ്ങളായി നിലനിൽക്കുന്ന അതിർത്തി തർക്കം പരിഹരിക്കുന്നതിനായി സർവേ ഉൾപ്പെടെയുള്ള നടപടികൾക്കും ധാരണയായി. യോഗത്തിൽ കാസർകോട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ കെ.അനൂപ്കുമാർ, കർണാടക അസി.ഫോറസ്റ്റ് കൺസർവേറ്റർ ശങ്കരഗൗഡ, സുബ്രഹ്മണ്യ അസി.ഫോറസ്റ്റ് കൺസർവേറ്റർ ഓസ്റ്റിൻ പി സോണസ്, കാസർകോട് റേഞ്ച് ഫോറസ്റ്റ് ഓഫീസർ എൻ.അനിൽകുമാർ, സുള്ള്യ റേഞ്ച് ഫോറസ്റ്റ് ഓഫീസർ മഞ്ജുനാഥ് എൻ, സുള്ള്യ തഹസിൽദാർ കുഞ്ഞുമുഹമ്മദ്, ദക്ഷിണ കന്നഡ ഡി ഡി എൽ ആർ: കെ പ്രസാദിനി, എ ഡി എൽ ആർ:എ വെങ്കിടേഷ് എന്നിവരും യോഗത്തിൽ പങ്കെടുത്തു.

## വായനാദിനചരണവും പഠനോപകരണ വിതരണവും

പട്ള ഗവ.ഹയർ സെക്കന്ററി സ്ക്കൂളിൽ വായനാദിനചരണവും പഠനോപകരണ വിതരണവും നടത്തി. വായനയുടെയും സേവനത്തിന്റേയും മഹത്വം വിളംബരം ചെയ്യുന്നതായിരുന്നു പരിപാടി. ജില്ലാ ഇൻഫർമേഷൻ ഓഫീസർ എം.മധുസൂദനൻ ഉദ്ഘാടനം ചെയ്തു.സ്കൂൾ വികസന സമിതി ചെയർമാൻ സി.എച്ച് അബൂബക്കർ അധ്യക്ഷത വഹിച്ചു. ഹെഡ്മാസ്റ്റർ കെ പ്രശാന്ത് സുന്ദർ, റസാഖ് സഖാഫി കോട്ടക്കുന്ന്, സ്റ്റാഫ് കൗൺസിൽ സെക്രട്ടറി യു.പ്രദീപ് കുമാർ, അധ്യാപകരായ എ.പവിത്രൻ, രാമചന്ദ്രൻ വേട്ടറാഡി എന്നിവർ സംസാരിച്ചു. തുടർന്ന് സന്നദ്ധ സംഘടന സ്കൂളിന് നൽകിയ പഠനോപകരണങ്ങളുടെ വിതരണം ജില്ലാ ഇൻഫർമേഷൻ ഓഫീസർ എം.മധുസൂദനൻ നിർവഹിച്ചു.

***ഫോട്ടോ അടിക്കുറിപ്പ്: പട്ല സ്കൂൾ:-*** പട്ള ഗവ.ഹയർ സെക്കന്ററി സ്കൂളിൽ നടന്ന ചടങ്ങിൽ പഠനോപകരണങ്ങളുടെ വിതരണം ജില്ലാ ഇൻഫർമേഷൻ ഓഫീസർ എം.മധുസൂദനൻ ഹെഡ്മാസ്റ്റർ കെ പ്രശാന്ത് സുന്ദർ നൽകി നിർവഹിക്കുന്നു.

## മാലിന്യ പരിപാലനത്തിൽ പുതുവിപ്ലവം തീർത്ത്
## സീറോ പ്ലാസ്റ്റിക് ക്യാമ്പസ് കൂളിയാട് മാതൃക

മാലിന്യ സംസ്കരണത്തിൽ പുതിയ വിപ്ലവം തീർക്കുകയാണു കൂളിയാട് ഗവ.ഹൈസ്കൂൾ. കേരള പരിസ്ഥിതി കാലാവസ്ഥ വ്യതിയാന വകുപ്പിന്റെ

സഹകരണത്തോടെ സ്കൂളിൽ നടക്കുന്ന പ്രവർത്തനങ്ങൾ സംസ്ഥാനത്തുതന്നെ മാതൃകയാവുകയാണ്.

മാലിന്യങ്ങൾ ഉണ്ടാവാൻ കാരണമാകുന്ന ദൈനംദിന പ്രവർത്തികളിൽ ചെറിയ മാറ്റങ്ങൾ വരുത്തി മാലിന്യങ്ങൾ കുറയ്ക്കുന്നതിനുവേണ്ടിയുള്ള വലിയ പ്രവർത്തനങ്ങളാണു സ്കൂളിൽ നടക്കുന്നത്. ഇതിനായി സൗജന്യ നിരക്കിൽ മ ഷിപ്പേന വിതരണം, ഒരു കുട്ടിക്ക് ഒരു ഗ്ലാസ് പദ്ധതി, ഒരു കുട്ടിക്ക് ഒരു പ്ലേറ്റ് പദ്ധതി, മുഴുവൻ കുട്ടികൾക്കും പേപ്പർ പേന പരിശീലനം, രക്ഷിതാക്കൾക്കായി പേപ്പർ ബാഗ് നിർമ്മാണ പരിശീലനം, സ്കൂളിൽ സീറോ പ്ലാസ്റ്റിക് ക്യാമ്പസ് പദ്ധതിക്കായുള്ള ഹരിതസേനാ രൂപീകരണം, പ്ലാസ്റ്റിക് മാലിന്യ പുനരുപയോഗം എന്ന വിഷയത്തിൽ രക്ഷിതാക്കൾക്കായുള്ള സെമിനാർ എന്നിവ സ്കൂളിൽ നടന്നു വരുന്നു. കൂടാതെ പ്ലാസ്റ്റിക് മാലിന്യം ശേഖരിച്ച് പുനരുപയോഗ കേന്ദ്രത്തിലെത്തിക്കുന്ന വേറിട്ട പദ്ധതിയും സ്കൂളിന്റെ ഭാഗമായിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങൾക്കു കരുത്തും ഊർജവുമായി ഹരിതകേരളം മിഷനും വിദ്യാർത്ഥികൾക്കൊപ്പമുണ്ട്. പുതിയ വർഷത്തെ പദ്ധതിയുടെ ഉദ്ഘാടനം സ്കൂളിലെ മുഴുവൻ കുട്ടികൾക്കു തുണി സഞ്ചിയും 20 ക്ലാസ് മുറികളിലേക്കു മുള കൊണ്ടുള്ള വേസ്റ്റ്ബിൻ വിതരണം നടത്തിയും ഹരിതകേരളം മിഷൻ ജില്ലാ കോർഡിനേറ്റർ എം.പി സുബ്രഹ്മണ്യൻ നിർവഹിച്ചു.

***ഫോട്ടോ അടിക്കുറിപ്പ്: കൂളിയാട് സ്കൂൾ:-*** കൂളിയാട് ഗവ.ഹൈസ്കൂളിലെ കുട്ടികൾക്ക് തുണി സഞ്ചിയും ക്ലാസ് മുറികളിലേക്കുള്ള മുള കൊണ്ടുള്ള വേസ്റ്റ് ബിന്നും വിതരണം ചെയ്തപ്പോൾ.

## നാളെ വൈദ്യുതി മുടങ്ങും

മൈലാട്ടി 220 കെ.വി.സബ് സ്റ്റേഷനിലെ 110 കെ.വി.മൈലാട്ടി-കാഞ്ഞങ്ങാട് ഫീഡറിൽ അടിയന്തിര അറ്റകുറ്റപ്പണികൾ നടക്കുന്നതിനാൽ നാളെ (21) രാവിലെ എട്ടു മുതൽ വൈകുന്നേരം അഞ്ചു വരെ 220 കെ.വി.സബ് സ്റ്റേഷൻ മൈലാട്ടി, 110 കെ.വി സബ് സ്റ്റേഷനുകളായ കാഞ്ഞങ്ങാട്, ചെറുവത്തൂർ എന്നിവിടങ്ങളിൽ നിന്നുമുള്ള 11 കെ.വി ഫീഡറുകളിൽ വൈദ്യുതി വിതരണം ഭാഗികമായി തടസ്സപ്പെടും.

## ക്വട്ടേഷൻ ക്ഷണിച്ചു

തൃക്കരിപ്പൂർ ഗവൺമെന്റ് പോളിടെക്നിക് കോളേജ് ക്യാമ്പസിനകത്തുള്ള മുറിച്ചുമാറ്റിയതും മാറ്റാനുള്ളതുമായ അക്കേഷ്യ മരങ്ങൾ ലേലം ചെയ്യുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു.ഈ മാസം 22 ന് രാവിലെ 11 വരെ ക്വട്ടേഷൻ സമർപ്പിക്കാം. ഫോൺ-0467 2211400.

## അപേക്ഷ ക്ഷണിച്ചു

എൽ.ബി.എസ് സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജിയുടെ കാഞ്ഞങ്ങാട് ഉപകേന്ദ്രത്തിൽ ഈ മാസം 24 ന് ആരംഭിക്കുന്ന മൂന്നര മാസം ദൈർഘ്യമുള്ള

ഡാറ്റാ എൻട്രി ആൻഡ് ഓഫീസ് ഓട്ടോമേഷൻ കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. യോഗ്യത എസ്.എസ്.എൽ.സിയാണ്.കൂടുതൽ വിവരങ്ങൾക്ക് -04672 201422.

## ക്വട്ടേഷൻ ക്ഷണിച്ചു

ജില്ലാ പ്രോഗ്രാം മാനേജർ (എൻ.എച്ച്.എം) ഓഫീസിലേക്ക് ലാപ്ടോപ്പ് വിതരണം ചെയ്യുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു. ഈ മാസം 27 ന് ഉച്ചയ്ക്ക് മൂന്നിനകം ക്വട്ടേഷൻ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് ജില്ലാ പ്രോഗ്രാം മാനേജർ (എൻ. എച്ച്.എം), നിയർ ഗവൺമെന്റ് സ്കൂൾ ഓഫ് നേഴ്സിംഗ്, കോർട്ട് റോഡ്, കാഞ്ഞങ്ങാട്- 671315

## ലേലം

ഇ.കെ നായനാർ മെമ്മോറിയൽ ഗവൺമെന്റ് ഐ.ടി.ഐ കയ്യൂരിലെ വിവിധ ട്രേഡുകളിലെ കാലപ്പഴക്കം ചെന്ന യു.പി.എസുകൾ, മെറ്റൽ ഫർണിച്ചറുകൾ, ഇലക്ട്രോണിക്ക് ടൂൾസ് എന്നിവ ഐ.ടി.ഐ പരസരത്തു നിന്നും ഈ മാസം 27ന് ലേലം ചെയ്യും. ഫോൺ-04672230980.

## 'വ്യാജ ചിട്ടികൾക്കെതിരെ ജാഗ്രത പുലർത്തണം'

1982 ലെ കേന്ദ്ര ചിട്ടി നിയമം സംസ്ഥാനത്ത് നിലവിലുള്ളതിനാൽ ഈ നിയമമനുസരിച്ചുള്ള മുൻകൂർ അനുമതി ലഭിച്ച ചിട്ടികൾക്കു മാത്രമേ നിലവിൽ നിയമ പ്രാബല്യമുള്ളൂ. പൊതുജനങ്ങൾ കെ എസ് എഫ് ഇ ഒഴികെയുള്ള സ്വകാര്യ ചിട്ടികളിൽ ചേരുന്നതിനു മുമ്പായി ചേരാനുദ്ദേശിക്കുന്ന ചിട്ടി വ്യാജമല്ല എന്ന് ഉറപ്പ് വരുത്തുന്നതിന് കാസർകോട് ജില്ലാ രജിസ്ട്രാർ ഓഫീസുമായോ, ബന്ധപ്പെട്ട സബ്ബ് രജിസ്ട്രാർ ഓഫീസുമായോ ബന്ധപ്പെടണം.മുൻകൂർ അനുമതി ലഭിച്ചിട്ടില്ലാത്ത ചിട്ടികളുടെ ലഘുലേഖകളോ പരസ്യങ്ങളോ നോട്ടീസോ മറ്റേതെങ്കിലും രേഖകളോ ശ്രദ്ധയിൽപ്പെടുന്ന പക്ഷം വിവരം കാസർകോട് ജില്ലാ രജിസ്ട്രാർ ഓഫീസിലോ, സബ്ബ് രജിസ്ട്രാർ ഓഫീസിലോ അറിയിക്കണം. ബന്ധപ്പെടേണ്ട വിലാസം-ജില്ലാ രജിസ്ട്രാർ ഓഫീസ്, സിവിൽ സ്റ്റേഷൻ, വിദ്യാനഗർ, കാസർകോട് -671123. ഫോൺ-04994 255405, 9846953498-- ചിട്ടി ഇൻസ്പെക്ടർ-9400441085.

## ക്വട്ടേഷൻ ക്ഷണിച്ചു

കാസർകോട് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ ഓഫീസിലെ രണ്ട് ടൺ ബ്ളൂസ്റ്റാർ എസിയുടെ കോപ്പർ ഡബിൾ കോയിൽ കൺഡെൻസർ വിതരണം ചെയ്യുന്നതിനും ഗ്യാസ് നിറയ്ക്കുന്നതിനും ടെണ്ടർ ക്ഷണിച്ചു. ഈ മാസം 29 വരെ ക്വട്ടേഷൻ സമർപ്പിക്കാം. ഫോൺ -04994 256930

## കാർഷിക മേഖലയിൽ യുവാക്കൾക്ക് തൊഴിൽ പരിശീലനം

കാസർകോട് കൃഷി വിജ്ഞാന കേന്ദ്രം കാർഷിക തൊഴിൽ പരിശീലന പരിപാടി നടത്തുന്നു. നെൽകൃഷിയിലെ വിവിധ യന്ത്രവൽക്കരണ സാധ്യതകളെക്കുറി

ച്ചാണ് പരിശീലനം. ട്രാക്ടറിനോട് ബന്ധിപ്പിച്ച് പ്രവർത്തിപ്പിക്കാവുന്ന നിലം ഒരുക്കാൻ ഉപയോഗിക്കുന്ന കൾട്ടിവേറ്റർ, റോട്ടവേറ്റർ, ഹെലിക്കൽ ബ്ലേഡ്, പഡ്ളർ, വിത്തിടൽ യന്ത്രങ്ങളായ പ്രീ ജർമിനേറ്റഡ് സീഡർ, സീറോടിൽ സീഡ് ഡ്രിൽ, യന്ത്രവൽകൃത ഞാറു പറിച്ചുനടീൽ, സസ്യസംരക്ഷണത്തിനായുള്ള പവർ സ്പ്രേയറുകൾ, കള നിയന്ത്രണത്തിനായുള്ള ബാക് പാക് പവർ വീഡർ, കോണോവീഡർ, വിളവെടുപ്പിനായുള്ള കമ്പയിൻ ഹാർവെസ്റ്റർ, ഞാറ്റടിക്കായുള്ള പവർ ത്രെഷർ, സ്ട്രോബേലർ എന്നീ യന്ത്രങ്ങളുടെ പ്രവർത്തനമാണ് പരിശീലിപ്പിക്കുക. തൊഴിൽ രഹിതരായ യുവാക്കൾക്കും പാടശേഖര സമിതി അംഗങ്ങൾക്കും പങ്കെടുക്കാം. താൽപ്പര്യമുള്ളവർ കാസർകോട് കൃഷി വിജ്ഞാന കേന്ദ്രത്തിൽ നേരിട്ടോ ഫോൺ മുഖേനയോ പേര് രജിസ്റ്റർ ചെയ്യണം. ഫോൺ 04994 232993

## സൗജന്യ ടെക്നിക്കൽ സെഷൻ

പൊതുമേഖല സ്ഥാപനമായ കേൽട്രോണിന്റെ കോഴിക്കോട് റെയിൽവേ ലിങ്ക് റോഡിലുള്ള നോളജ് സെന്ററിൽ ലിനക്സ്, അപാഷെ ,മംവൈഎസ്ക്യൂൽ,പിഎച്ച്പി ടെക്നോളജികളിൽ ഏകദിന സൗജന്യ ടെക്നിക്കൽ സെഷൻ സംഘടിപ്പിക്കുന്നു. ഈ മാസം 22 ന് രാവിലെ പത്തിനാണ് സെക്ഷൻ. ഐ.ടി രംഗത്തേക്ക് പ്രവേശിക്കാൻ താൽപര്യമുള്ള വിദ്യാർത്ഥികൾക്ക് പങ്കെടുക്കാം. ഫോൺ 8089245760.

## അംഗൻവാടി ഉദ്ഘാടനം ചെയ്തു

മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്ത് ജനകീയാസൂത്രണം 2018-19 വർഷത്തിൽ നിർമ്മിച്ച ആറാമത്തെ അംഗൻവാടിയായ പൊയ്യത്തബയൽ അംഗൻവാടി കെട്ടിടത്തിന്റെ ഉദ്ഘാടനം മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എ കെ എം അഷ്റഫ് നിർവഹിച്ചു. വോർക്കാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അബ്ദുൾ മജീദ് ബി എ അധ്യക്ഷത വഹിച്ചു. മഞ്ചേശ്വരം ബ്ളോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് മമതാ ദിവാകർ, മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്ത് വെൽഫയർ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ഫാതിമത്ത് സുഹറ മാങ്കോടി, ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാരായ സദാശിവ, ആശലത ബി എം, വോർക്കാടി ഗ്രാമപഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാരായ തുളസി കുമാരി, റഹമത് റസാക്, വോർക്കാടി ഗ്രാമ പഞ്ചായത്ത് മെമ്പർ വസന്ത് എസ്, മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, സുരേന്ദ്രൻ എൻ, മഞ്ചേശ്വരം ഐ സി ഡി എസ് സൂപ്പർവൈസർ അജിത ടി, ഷീബ സംസാരിച്ചു.

## പശു വളർത്തൽ പരിശീലനം ഇന്ന്

പശു വളർത്തൽ എന്ന വിഷയത്തെ ആസ്പദമാക്കി ഏകദിന പരിശീലനം കാസർകോട് കൃഷിഭവന്റെയും കണ്ണൂർ മൃഗസംരക്ഷണ പരിശീലനകേന്ദ്രത്തിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ കാസർകോട് നഗരസഭാ വനിതാഹാളിൽ ഇന്ന് (20)

രാവിലെ 10 മുതൽ വൈകീട്ട് അഞ്ചു വരെ സംഘടിപ്പിക്കുന്നു.ഡോ. പ്രദീപ്കുമാർ ക്ലാസ് നയിക്കും. കൂടുതൽ വിവരങ്ങൾക്ക്-9383472310

(അവസാനിച്ചു)